| കുറ്റം | ശിക്ഷ |
|---|---|
| കുറ്റകൃത്യത്തിൽ ഏർപ്പെട്ടിട്ടുള്ളതോ/ഇരയായിട്ടുള്ളതോ/സാക്ഷിയാക്കപ്പെട്ടിട്ടുള്ളതോ ആയ കുട്ടികളുടെ പേര്, മേൽവിലാസം, മറ്റ് വിവരങ്ങൾ വെളിപ്പെടുത്തിയാൽ | ആറു മാസം വരെ തടവും ഒരു ലക്ഷം രൂപ പിഴയും അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ |
| കുട്ടികളെ അക്രമിക്കുക, ഉപദ്രവിക്കുക. | 3 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗിക്കുക. | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| മദ്യം, പുകയില, മറ്റ് ലഹരി വസ്തുക്കൾ കുട്ടികൾക്ക് നൽകുന്നത്. | 7 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| മദ്യം, മയക്കുമരുന്ന് എന്നിവയുടെ വിൽപ്പനയ്ക്കോ വിതരണത്തിനോ കുട്ടിയെ ഉപയോഗിച്ചാൽ | 7 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| അടിമവേലയോ ജോലിയോ ചെയ്യിച്ച് സാമ്പത്തികമായി ചൂഷണം ചെയ്യുകയോ ചെയ്താൽ | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| നിയമാനുസൃതമല്ലാത്ത രീതിയിൽ കുട്ടികളെ ദത്ത് നൽകുകയോ സ്വീകരിക്കുകയോ ചെയ്താൽ | മൂന്ന് വർഷം വരെ തടവും ഒരു ലക്ഷം രൂപ പിഴയും അല്ലെങ്കിൽ രണ്ടും കൂടിയോ |
| ഏതെങ്കിലും വ്യക്തി കുട്ടിയെ വിൽക്കുകയോ വാങ്ങുകയോ ചെയ്താൽ<br>ഈ പ്രവർത്തികൾ ചെയ്യുന്നത് കുട്ടിയുമായി ബന്ധപ്പെട്ടയാളോ ഏതെങ്കിലും ആശുപത്രി ജീവനക്കാരോ നേഴ്സിംഗ് ഹോമോ മാതൃസ്ഥാപനമോ ആയിരുന്നാൽ | 5 വർഷം വരെ കഠിന തടവും ഒരു ലക്ഷം രൂപ പിഴയും<br>മൂന്നു വർഷത്തിൽ കുറയാത്തതും എഴു വർഷം വരെയും തടവുശിക്ഷ |

18 വയസിന് താഴെയുള്ള ഏതൊരാളും കുട്ടിയാണ്
കുട്ടിയുടെ അവകാശസംരക്ഷണത്തിനും ഉത്തമ താൽപര്യസംരക്ഷണത്തിനുമായി

# സംയോജിത ശിശുസംരക്ഷണ പദ്ധതി


ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്
മൂന്നാം നില, മിനി സിവിൽ സ്റ്റേഷൻ, ആറന്മുള, പത്തനംതിട്ട
Ph : 0468 2319998 . E-mail : dcpupta@gmail.com




വനിതാ ശിശു വികസന വകുപ്പ്
ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്
പത്തനംതിട്ട

# ശരണബാല്യം

ബാലവേല – ബാലഭിക്ഷാടനം – ബാലചൂഷണ
തെരുവുബാല്യ വിമുക്ത കേരളം

നാടിന്റെ സമ്പത്തായ കുട്ടികളുടെ നന്മയ്ക്കായി നമുക്ക് കൈകോർക്കാം...

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് – 0468 2319998

ടോൾ ഫ്രീ നമ്പറുകൾ:

തണൽ 1517 | ചൈൽഡ് ലൈൻ 1098 | പോലീസ് 1090

## എന്താണ് ശരണബാല്യം

വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതി വഴി ബാലവേല-ബാലഭിക്ഷാടനം - ബാലചൂഷണം തെരുവു ബാല്യ വിമുക്തകേരളം എന്ന ലക്ഷ്യവുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ശരണബാല്യം

## ശരണബാല്യം പദ്ധതി ആർക്കുവേണ്ടി ?

- ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ
- തെരുവിൽ അലഞ്ഞു തിരിയുന്ന കുട്ടികൾ
- ഭിക്ഷ യാചിക്കുന്ന കുട്ടികൾ
- കുട്ടിക്കടത്തിനു വിധേയമാകുന്ന കുട്ടികൾ.
- സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികൾ
- നിർബന്ധിത തൊഴിലുകളിൽ ഏർപ്പെടുന്ന കുട്ടികൾ
- അപകടകരമായ തൊഴിൽ ഇടങ്ങളിൽ ജോലി ചെയ്യുന്ന കൗമാരക്കാരായ കുട്ടികൾ.
- നിശ്ചിത സേവന വേതന വ്യവസ്തയോടെ അല്ലാതെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കൗമാരക്കാരായ കുട്ടികൾ

## ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU)

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാതല പ്രവർത്തന സംവിധാനമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖേനയാണ് ശരണബാല്യം പദ്ധതി നടപ്പിലാക്കുന്നത്.

## ചൈൽഡ് വെൽഫയർ കമ്മിറ്റി (CWC)

ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന നിയമസംവിധാനമാണ് ചൈൽഡ് വെൽഫയർ കമ്മിറ്റി.



## ചൈൽഡ് റെസ്ക്യൂ ഓഫീസർ

പ്രയാസകരമായ സാഹചര്യത്തിലുള്ള ഏതൊരു കുട്ടിയെയും സംബന്ധിച്ച് വിവരം ലഭിച്ചാൽ പോലീസ്, ചൈൽഡ് വെൽഫയർ കമ്മിറ്റി മറ്റു വകുപ്പുകൾ എന്നിവയുടെ സഹായത്തോടെ കുട്ടികളുടെ തുടർസംരക്ഷണത്തിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുക എന്നതാണ് ചൈൽഡ് റെസ്ക്യൂ ഓഫീസറിന്റെ പ്രധാന ചുമതല. ചൈൽഡ് റെസ്ക്യൂ ഓഫീസറിന്റെ സേവനം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ ലഭ്യമാണ്.

## ചിൽഡ്രൻസ് ഹോം

ബാല നീതിനിയമം നിർവ്വഹിച്ചിട്ടുള്ള പരിചരണവും, പരിരക്ഷയും ആവശ്യമുള്ളകുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും, പുനരധിവാസത്തിനും വേണ്ടി സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളാണ് ചിൽഡ്രൻസ് ഹോം.

## ബാലനീതി (ശ്രദ്ധയും സംരക്ഷണവും) നിയമം 2015

നിയമവുമായി പൊരുത്തപ്പെടാത്തതും ശ്രദ്ധയും സംരക്ഷണവും ആവശ്യമായിട്ടുള്ളതുമായ കുട്ടികളുടെ സംരക്ഷണം, പുനരധിവാസം, എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിയമം.

## ബാല – കൗമാര തൊഴിൽ ( നിയന്ത്രണവും നിരോധനവും) നിയമം 2016

14 വയസ്സിന് താഴെയുള്ള കുട്ടികളെ കൊണ്ട് തൊഴിൽ ചെയ്യിപ്പിക്കുന്നത് നിരോധിച്ചും കൗമാര പ്രായക്കാരായ കുട്ടികളെ ഉപയോഗിച്ച് അപകടകരമായ തൊഴിൽ എടുപ്പിക്കുന്നത് നിയമപ്രകാരം തടയുന്നതിനുള്ള നിയമം

## പോക്സോ ആക്ട് (POCSO) – 2012

ലൈംഗിക അതിക്രമം, പീഡനം, അശ്ലീലചിത്രീകരണം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നു കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം. ഏതെങ്കിലും കുട്ടികൾക്കെതിരെ ലൈംഗിക കുറ്റകൃത്യം നടന്നതായി മനസ്സിലാക്കിയാൽ പ്രസ്തുത വിവരം പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിന് ഓരോ വ്യക്തിക്കും നിയമപരമായ ബാധ്യതയുണ്ട്

## വിദ്യാഭ്യാസ അവകാശ നിയമം – 2009

6 മുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നു.